17
ഞായർ
പേജ്- 6
ഡിസംബർ
Vol. 2 Issue 316

ക്രിസ്ത്യൻലൈവ് ദിനപത്രം
On the Battlefield for the Great Commission
687

# ചൈനയിൽ ക്രൈസ്തവ ജനസംഖ്യയിൽ വൻ ഇടിവ്



**നേരത്തെയും ചില പത്രപ്രവർത്തകരും പണ്ഡിതന്മാരും ക്രിസ്ത്യൻ അഭിഭാഷക ഗ്രൂപ്പുകളും 21-ാം നൂറ്റാണ്ടിലും ചൈനയിൽ ക്രിസ്തുമതം അതിവേഗം വളരുന്നുവെന്നും 2050ഓടെ അവിടെയുള്ള ജനസംഖ്യയുടെ ഭൂരിഭാഗവും ക്രൈസ്തവരുടെ പാതയിലാണെന്നും അഭിപ്രായപ്പെട്ടിരുന്നു**

എഡിറ്റോറിയൽ

ക്രിസ്ത്യൻ ലൈവ്
2023 ഡിസംബർ 17 ഞായർ

# മോശ അവരുടെ കാര്യം യഹോവയുടെ മുമ്പാകെ വച്ചു

**ദൈ**നംദിനം വലിയ ഒരു സമൂഹത്തിന്റെ ആവലാതികളും , ആവശ്യങ്ങളും 80 ലേറെ വയസ്സ് പ്രായമുള്ള മോശയ്ക്ക് താങ്ങാനാവുന്നതിനും അപ്പുറത്തായിരുന്നു. ശാരീരിക ,മാനസിക, സമൂഹിക പ്രശനങ്ങളുമായി ലക്ഷോപലക്ഷങ്ങളുടെ ഒരു സംഘം കണ്ണെത്താത്ത ദൂരത്ത് നീണ്ട നിരപോലെ മോശയുടെ കൂടാര വാതില്ക്കൽ തടിച്ചുകൂടുന്നു. പ്രഭാതം മുതൽ പ്രദോഷം വരെ ശ്രമിച്ചിട്ടും തീർപ്പ് കൽപ്പിച്ച ഉത്തരവുകളും ,വിലക്കുകളും നാഴികകൾക്കുള്ളിൽ തകരപ്പെടുന്നു. മറുപടികൾ അപൂർണ്ണമാകായാൽ സംശയത്തിന്റെയും ചോദ്യങ്ങളുടേയും കൂർത്തമൂർത്ത ശരങ്ങൾ എവിടെയും. മനസ്സും ശരീരവും തളർന്ന മോശ ഉന്നതനായ ദൈവത്തിന്റെ മുമ്പാകെ തന്റെ മുമ്പിൽ മിരന്ന വിഷയങ്ങൾ നിരത്തിവച്ചു.

ഞാനാകുന്നവൻ ഞാനാകുന്നു എന്നു പറഞ്ഞ് മുൾപ്പടർപ്പിൽ പ്രത്യക്ഷനായി അത്ഭുതങ്ങളാലും അടയാളങ്ങളാലും വീര്യപ്രവർത്തികളാലും തന്റെ വചനം ഉറപ്പിച്ചു തന്ന സർവ്വശക്തനായവന്റെ പക്കൽ സകലത്തിനും പരിഹാരമുണ്ട് എന്ന് മോശ തിരിച്ചറിഞ്ഞു. അലോചനയിൽ വലിയവനും പ്രവർത്തിയിൽ ശക്തനുമായ ദൈവസന്നിധിയിൽ ഒരു നന്മയും കുറവില്ല. ഒന്നിനും ഉത്തരം മുട്ടിപ്പോകില്ല. ദൈവസന്നിധിയിൽ നിന്ന് പ്രശ്ന പരിഹാരം ഏറ്റുവാങ്ങിയ മോശ എന്ന ഭക്തൻ നൂറുറൂറായിരം ജനത്തിന്റെ നടുവിൽ തല ഉയർത്തി നടന്നു.

ഞാനും നിങ്ങളും വ്യത്യസ്തരല്ല നൂറുനൂറു നൊമ്പരങ്ങളും, ആർക്കും പരിഹരിക്കാനാവാത്ത അനവധി പ്രശ്നങ്ങളും , മറ്റുള്ളവരുടെ ഭാരങ്ങളും നെഞ്ചിലും തലയിലും പേറി ജീവിതയാത്ര ഇഴഞ്ഞിഴഞ്ഞ് മുന്നോട്ട് കൊണ്ടുപോകുന്നു. വിധിയാണ് എന്ന് പറഞ്ഞ് സ്വയം ശപിച്ചും, പരിഹാരം ലഭിക്കത്തില്ല എന്ന ചിന്തയാൽ നിരാശപ്പെട്ടും തലകുമ്പിട്ടുമിരിക്കുന്നു.

എനിക്കൊറ്റയ്ക്കു താങ്ങുവാൻ പ്രപ്തിയില്ല എന്നു പറഞ്ഞു കൊണ്ട് ഉറക്കെ വിളിച്ചു പറയുക കർത്താവ് എന്നെ സഹായിക്കും. ഞാനമ്പരന്നു പോകയില്ല. ദൈവപൈതലേ ഭയപ്പെടേണ്ട യഹോവ നിന്നോടുകൂടെയുണ്ട്. ഭ്രമിച്ചുനോക്കണ്ട അവിടുന്നു നിന്റെ ദൈവമാകുന്നു നീ കാര്യങ്ങളുമായി ദൈവസന്നിധിയിൽ ചെല്ലുക, അവനായി കാത്തിരിക്കുക. യഹോവയ്ക്കായി കാത്തരിക്കുന്ന ഒരുത്തനും ലജ്ജിച്ചു പോകയില്ല. നിന്റെ ഭാരം എന്റെമേൽ വച്ചുകൊൾക ഞാൻ നിന്നെ പുലർത്തും എന്നരുളി ചെയ്തവന്റെ കരസ്പർശം ഓരോ ദിവസവും തിരിച്ചറിയുക.


പാസ്റ്റർ ഷിബു തോമസ്, ഓക്ലഹോമ

ലേഖനം

# സൽപ്രവൃത്തികളാൽ സ്മരിക്കപ്പെട്ടവൾ


സൗമിനി സജി
നിലമ്പൂർ

**ആ**ദിമ സഭയിൽ ക്രിസ്തുവിനെ സാക്ഷിക്കുന്നതിൽ പങ്കുവഹിച്ചവരിൽ ഒരുവളായിരുന്നു തബീഥാ. ആദിമ നൂറ്റാണ്ടിൽ സൽപ്രവർത്തികളിലൂടെയുള്ള നിശബ്ദത സേവനത്താൽ താങ്ങളുടെ സാക്ഷ്യം നിർവഹിച്ചിരുന്ന അനേക സ്ത്രീകൾ ഉണ്ട് തബീഥായെ പോലെ.

യെഹൂദ്യയിലെ കടൽ തീരത്തുള്ള ഒരു നല്ല തുറമുഖ പട്ടണമായിരുന്ന യോപ്പയിൽ ആണ് അവൾ പാർത്തിരുന്നത് ( അപ്പൊ 9:36-43). അവളുടെ സൗന്ദര്യവും ചുറുചുറുപ്പും സാമർത്ഥ്യവും ദയാശീലവും കൊണ്ടായിരിക്കണം പേടമാൻ എന്നർഥമുള്ള പേര് നൽകപ്പെട്ടത്. തബീഥായുടെ ക്രിസ്തീയ വിശ്വാസവും സാക്ഷ്യവും സൽപ്രവർത്തികളാൽ വെളിപ്പെടുത്തി. തയ്യലിലുള്ള അവളുടെ കഴിവ് മറ്റുള്ളവർക്ക് ചെയ്യുന്ന ശുശ്രൂഷയായി ചെയ്തുവന്നു. വിധവമാർക്കും സഹായത്തിന് അർഹരായവർക്കും വസ്ത്രങ്ങൾ ഉണ്ടാക്കി കൊടുത്തു സഹായിച്ചു പോന്നു. ദൈവം നമുക്ക് നൽകിയിട്ടുള്ള കഴിവുകളും അവസരങ്ങളും കർത്തൃ സേവനങ്ങൾക്കായി നാം ഉപയോഗിക്കുന്നവരാണോ?

തബീഥാ രോഗിയായി മരിച്ചു. മൃതശരീരം മാളിക മുറിയിൽ കിടത്തി. സ്നേഹിതർ മുഴുവൻ അവളെ ചൊല്ലി സങ്കടപ്പെട്ടു. അവളുടെ പ്രിയപ്പെട്ടവർ പത്തു മൈൽ അകലെ ലുദ്ധയിൽ ഉണ്ടായിരുന്ന പത്രോസിനെ ആൾ അയച്ചു വിളിച്ചു വരുത്തി.

തബിഥാ ഉണ്ടാക്കിയ ഉടുപ്പുകൾ ഒക്കെ പിടിച്ചു കരയുന്ന വിധവമാരെ ഒക്കെ പത്രോസ് കണ്ടു അവരുടെ സങ്കടം ഉൾകൊണ്ടു. അവരെ തബിഥായുടെ മൃതശരീരം കിടന്നെടുത്തു നിന്ന് പുറത്താക്കി മുട്ടുകുത്തി പ്രാർത്ഥിച്ചു. ശവത്തിന്റെ നേരെ തിരിഞ്ഞു തബിഥായെ എഴുന്നേൽക്കാ എന്നു പറഞ്ഞു. അവൾ കണ്ണുതുറന്ന് എഴുന്നേറ്റിരുന്നു. പത്രോസ് കർത്താവിന്റെ നാമത്തിൽ കൈകൊടുത്ത് അവളെ എഴുന്നേൽപ്പിച്ചു. വിശുദ്ധന്മാരെയും, വിധവമാരെയും വിളിച്ച് സാക്ഷ്യത്തിനായി അവളെ അവരുടെ മുൻപിൽ നിർത്തി. ഇത് യോപ്പയിൽഎങ്ങും പ്രസിദ്ധമായി പലരും കർത്താവിൽ വിശ്വസിക്കാൻ ഇടയായി.

ദുഃഖങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാകുമ്പോൾ കർത്താവിനെ മുറുകെ പിടിക്കാം. തബിഥായുടെ മരണത്തിൽ അവളുടെ ദയാശീലം എല്ലാവരും ഓർത്തു. മരണശേഷം നമ്മെ പറ്റിയുള്ള സാക്ഷ്യം എന്തായിരിക്കും? ഏറ്റവും നല്ല സാക്ഷ്യം നമ്മുടെ സൽപ്രവർത്തിയും, ഏറ്റവും വലിയ സേവനം സഹോദര വർഗ്ഗത്തെ നമ്മുടെ കഴിവുകൾ ഉപയോഗിച്ച് സഹായിക്കുന്നതും ആണ്. ജീവിതവും പ്രവർത്തികളും മൂലം കർത്താവിനെ സാക്ഷീകരിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

## ജീവനും സൗഖ്യവും വരുത്തുന്ന ഗ്രന്ഥം

**യ**ഥാർത്ഥമായ രക്ഷ എനിക്ക് അറിയാൻ കഴിഞ്ഞത് ബൈബിളിൽ കൂടി മാത്രമാണ്. യേശു ക്രിസ്തുവിനെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തി കൊടുക്കാനുള്ള മാർഗ്ഗം കൂട്ടിയാണ് ബൈബിൾ. സ്വർഗ്ഗ രാജ്യത്തിൽ എന്നെ എത്തിക്കാനുള്ള ഏക സത്യഗ്രന്ഥമാണിത്. അതിലെ വചനങ്ങൾ ജീവനും സൗഖ്യവും വരുത്തി എന്നെ പ്രയോജനമുള്ളതാക്കി തീർക്കുന്നു. എത്ര വായിച്ചാലും മടുപ്പ് തോന്നാത്ത ഏക ഗ്രന്ഥമാണ് എന്റെ ബൈബിൾ.


ബിൻസി ഏബ്രഹാം
സിറ്റി എ ജി ചർച്ച്
ഷാർജ

ക്രിസ്റ്റ്യൻ ലൈവ് യുഎഇ
എഴുത്തു മത്സരം

വിഷയം:
എന്തുകൊണ്ട് ബൈബിൾ എന്നെ ആകർഷിക്കുന്നു?

AL QTR TOURISM
Quality Tourism Resources

## ലോകത്തിലെ ഏറ്റവും വലിയ കെട്ടിടം 'സൂറത്ത് ഡയമണ്ട് ബോഴ്സ്' രാജ്യത്തിന് സമർപ്പിച്ചു

ഗുജറാത്ത്: ഗുജറാത്തിലെ സൂറത്ത് ഡയമണ്ട് ബോഴ്സ് ഉദ്ഘാടനം നിർവഹിച്ച് പ്രധാനമന്ത്രി. പുതിയ ഇന്ത്യയുടെയും സാമ്പത്തിക ശക്തിയുടെയും പ്രതീകമാണ് സൂറത്ത് വജ്രവ്യാപാര കേന്ദ്രമെന്നും പ്രധാനമന്ത്രി പറഞ്ഞു. അടുത്ത 25 വർഷത്തേക്ക് സർക്കാരിന് കൃത്യമായ പദ്ധതികളുണ്ടെന്ന് നരേന്ദ്രമോദി പറഞ്ഞു. ലോകത്തിലെ ഏറ്റവും വലിയ കോർപ്പറേറ്റ് ഓഫീസ് ഹബാണ് ഗുജറാത്തിലെ സൂറത്തിൽ യാഥാർത്ഥ്യമായിരിക്കുന്നത്.

പത്തനാപുരത്ത് 13.75 സെന്റ് സ്ഥലം വില്പനയ്ക്ക്
(For Urgent Sale)

പ്രശാന്ത സുന്ദരമായ പത്തനാപുരം ശാലേംപുരം (ഇരുപത്തി ആറാം കുറ്റി) ചെങ്കിലാത്തു റൂട്ടിൽ( ഐപിസി ചർച്ചിനും എ ജി ചർച്ചിനും) ഇടയിൽ നല്ല ഹൗസ് പ്ലോട്ട് ഉടൻ വില്പനയ്ക്ക്. 13.75സെന്റ്.2 വീടുവെയ്ക്കാൻ വളരെ അനുയോജ്യമായ നല്ല ഫ്രണ്ടേജ് .
ടാർ റോഡ്, ക്രിസ്ത്യാനി ഏരിയ,വെള്ളപൊക്കം ഇല്ലാത്ത ഏരിയ,വൈദ്യുതി, വെള്ളം,വഴി തുടങ്ങിയ എല്ലാ സൗകര്യവുമുണ്ട്. താല്പര്യമുള്ളവർ നേരിട്ട് വിളിക്കുക.

ഫോൺ: +971506948206 (അബുദാബി)
+919526713475 (വാട്സ്ആപ്പ്)

Christian Live (Malayalam) Advertisement Tariff

| Full Page | Quarter Page |
|---|---|
| Front – 5000 INR<br>Back – 4000 INR<br>Inside- 3000 INR | Front - 1250 INR<br>Back - 1000 INR<br>Inside- 750 INR |
| **Half Page** | **Half of Quarter Page** |
| Front - 2500 INR<br>Back- 2000 INR<br>Inside -1500 INR | Front - 750 INR<br>Back - 500 INR<br>Inside- 250 INR |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

EDITORIAL BOARD

Chief Editor:
Blessin John Malayil
Managing Editor
Aji George
Publisher
Nelson George

Editors:
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas,
Oklahoma.

+91 9188522220 +91 9846552220
Email: cnl7news@gmail.com

ഞായർ ചിന്തകൾ

# കാഴ്ചകൾ... കാഴ്ചപ്പാടുകൾ



**ഷാജൻ പാറക്കടവിൽ**

**കാ**ഴ്ചകളുടെ സുതാര്യത ഏറെ അനുഭവവേദ്യമാക്കുക എന്നുള്ളതാണ് കണ്ണുകളുടെ പ്രത്യക്ഷവും ഏകവുമായ ലക്ഷ്യം. ഓരോ വ്യക്തിയുടെയും സൗന്ദര്യബോധത്തെ കൂടുതൽ വർണ്ണാഭമാക്കുക എന്നുള്ളതും ഒപ്പംനയന സുഖം നൽകുന്ന പ്രതലം കൂടുതൽ വസ്തുനിഷ്ഠാപരമായി യാഥാർത്ഥ്യമാണെന്നുള്ള ബോധ്യം വ്യക്തികൾക്ക് നൽകുകയും ചെയ്യുന്നു. പുതിയൊരു കാഴ്ച്ചാനുഭവം സമ്മാനിക്കുന്നതോടൊപ്പം കൂടുതൽ യാഥാർത്ഥ്യബോധത്തോടെ ഓരോ വസ്തുക്കളെയുംവസ്തുതകളെയും സമീപിക്കുവാനും കാഴ്ചകൾ കൂടെ സഹായകരമാകുന്നു. കാഴ്ചകൾ കൂടുതൽ അർത്ഥവത്താകുന്നതും ആധികാരികമാകുന്നതും അതിന്റെ സുതാര്യതയെ അടിസ്ഥാനപ്പെടുത്തിയായിരിക്കും.

സൗന്ദര്യാത്മകം ( Aesthetic )അഥവാ സൗന്ദര്യശാസ്ത്ര പഠനം മുന്നോട്ടുവെക്കുന്ന ആശയങ്ങളും ആധികാരികതയും അകലങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരിക്കും. ഒരു വസ്തുവിന്റെ അഥവാ ഒരു പ്രതലത്തിന്റെ യഥാർത്ഥ സൗന്ദര്യം കണ്ണുകൾക്ക് കൂടുതൽ അനുഭവവേദ്യമാകുന്നത് കാഴ്ചകൾക്ക് ഒരു നിശ്ചിത അകലം ഉണ്ടാകുമ്പോൾആണ്. കണ്ണുകൾ കൂടുതൽ അടുക്കുമ്പോൾവസ്തുക്കൾപുറപ്പെടുവിക്കുന്ന സൗന്ദര്യം ആസ്വദിക്കാൻ കഴിയാതെകാഴ്ചകൾ ചിതറി പോകുകയും കണ്ണുകളിൽ പതിയുന്ന കാഴ്ചകൾ കൂടുതൽ വികലമാക്കപ്പെടുകയും ചെയ്യും. അതുപോലെതന്നെ അകലം സംഭവിക്കുമ്പോഴും കാഴ്ചകൾ അവ്യക്തമാകുന്നതു കൊണ്ട് സൗന്ദര്യത്തിന്റെസുതാര്യത നഷ്ടപ്പെടുന്നു.അതുകൊണ്ടുതന്നെകാഴ്ചകൾ കൂടുതൽ ആധികാരികതയും സുതാര്യവും നയന സുഖവും ലഭ്യമാകണമെങ്കിൽഎപ്പോഴും ഒരു നിശ്ചിത അകലം സൂക്ഷിക്കേണ്ടിയിരിക്കുന്നു. നമ്മുടെ കണ്ണുകൾക്ക് ഗോചരമാകുന്ന ഏതു കാഴ്ചകളും സുന്ദരമായി തീരുകയും അതെല്ലാ അർത്ഥത്തിലും അനുഭവിക്കുവാനും ആസ്വദിക്കുവാനും കഴിയുകയും ചെയ്യണമെങ്കിൽ ഒരു നിശ്ചിത അകലം സൂക്ഷിക്കപ്പെടേണ്ടതായിട്ടുണ്ട്.നമ്മുടെകണ്ണുകളെ പറഞ്ഞു വിശ്വസിപ്പിച്ച്അതിന്റെആധികാരികത ഉറപ്പ് വരുത്തുന്നത് ഈ അകലം സൂക്ഷിക്കപ്പെടുന്നത് കൊണ്ട് തന്നെയാണ്.

ഇത് കേവലം കാഴ്ചകളുടെ കാര്യങ്ങളിൽ മാത്രമല്ല ആശയങ്ങളും ചിന്തകൾകളുംഒക്കെ കൂടുതൽ സുതാര്യമാകുന്നത്ഒരു നിശ്ചിത അകലത്തിൽ നിന്ന് കാര്യങ്ങളെ കാണാനും പഠിക്കാനുമുള്ളശ്രമം നമ്മുടെ ഭാഗത്തും ഉണ്ടാകുന്നത്കൊണ്ടാണ്.ഒരു ആശയത്തോടോ ഒരു വസ്തുവിനോട് വസ്തുതാപരമായ ഒരു അഭിനിവേശം നമുക്ക് തോന്നുന്നത് പ്രത്യക്ഷമായ ചില വൈകാരിക മുഹൂർത്തങ്ങൾ സമ്മാനിക്കുന്ന അറിവുകളുടെ അടിസ്ഥാനത്തിൽ അല്ല,മറിച്ച് കൂടുതൽ സുതാര്യമാക്കപ്പെടുന്നത് അടുക്കുന്നതിന് മുമ്പുള്ള അകലങ്ങളിൽ നിന്നുള്ള പഠനങ്ങളിൽ നിന്നാണ്. അകലങ്ങളിൽ നിന്നുള്ള പഠനങ്ങൾ നമുക്ക് സമ്മാനിക്കുന്ന അറിവുകൾ രണ്ടു തരത്തിലാണ് തീരുമാനമായി എത്തിച്ചേരുക. അത് സ്വീകരണം ആകാം അല്ലെങ്കിൽ തിരസ്കരണം ആകാം. ഈ രണ്ട് നിഷ്പക്ഷ നിലപാടുകൾക്കപ്പുറം മൂന്നാമതായി മറ്റൊന്നില്ല. സംശയത്തിന്റെ അനുകൂല്യങ്ങൾ സമ്മാനിക്കുന്നചിന്തകളുടെഅടിസ്ഥാനത്തിൽസ്വീകരണമാണ് ആത്യന്തികമായ ലക്ഷ്യമെങ്കിലും ചില വൈകാരികമായ കാഴ്ചപ്പാടുകൾ നിർബന്ധപൂർവ്വം തീരുമാനങ്ങൾ അല്പം കാലത്തേക്ക് മരവിപ്പിച്ച് ചില ഉത്തരവാദിത്വങ്ങൾകൂടി നിർവഹിച്ച ശേഷം ആക്ഷേപരഹിതമായി മുൻപ് ബോധ്യപ്പെട്ട തീരുമാനങ്ങൾ എത്തിച്ചേരാമെന്ന് നമ്മൾ മൗനമായി പ്രഖ്യാപിക്കുന്നു. അകലങ്ങളിൽ നിന്ന് കൊണ്ട് പഠന വിധേയമാക്കിയപ്പോൾലഭിച്ച അറിവുകൾനമ്മുടെ കാഴ്ചകളെ തീരുമാനങ്ങളുടെ മറ്റൊരു തലത്തിലേക്ക് എത്തിക്കുകയുംസുതാര്യമാക്കപ്പെട്ട യാഥാർത്ഥ്യം സ്വീകരിക്കാൻ കാലതാമസം വരുത്തുകയും ചെയ്യുന്നു.ൂ ഒരാശയത്തോടുള്ളആഭിമുഖ്യം കേവലം വൈകാരികമായ ചില ഉണർത്തികളിൽ നിന്നും ആകരുത് മറിച്ച് യാഥാർത്ഥ്യ ബോധത്തോടുള്ള ബോധ്യങ്ങളുടെ അടിസ്ഥാനത്തിൽ ആയിരിക്കണം.ഇതിനിടയിൽവൈകാരികമായ സമ്മർദ്ദങ്ങൾക്കോ, നിർവഹിക്കപ്പെടാതെപോകുമ്പോൾഉന്നയിക്കപ്പെടാൻ സാധ്യതയുള്ള ആക്ഷേപങ്ങൾക്ക് യാതൊരു അടിസ്ഥാനവുമില്ല. സ്വകാര്യമാക്കപ്പെട്ടവസ്തുതകളെ മനസാവരിച്ച് അനുധാവനം ചെയ്യുക എന്നുള്ളതാണ്യാഥാർത്ഥ്യം ബോധ്യപ്പെട്ട ഏതൊരു വ്യക്തിയുടെയും കടമയും കർത്തവ്യവും.

ലൂക്കോസിന്റെ സുവിശേഷംഒമ്പതാം അധ്യായം57 മുതൽ 62 വരെയുള്ള വാക്യങ്ങളിൽഅനുധാവനം സംബന്ധിച്ച്ക്രിസ്തു തന്റെ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. തന്റെ യാത്രയിൽ തന്നോടൊപ്പം സഞ്ചരിച്ച ഒരുവൻ നീ എവിടെ പോയാലും ഞാൻ നിന്നെ അനുഗമിക്കാം എന്ന തന്റെ തീരുമാനംഅറിയിക്കുമ്പോൾക്രിസ്തു അതിനു പറഞ്ഞ മറുപടി വളരെപ്രസക്തമാണ്. നിരന്തരമായ്തന്നോടൊപ്പമുള്ള സഞ്ചാരങ്ങളിൽകാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആവാം അവൻ ഈ തീരുമാനം പ്രഖ്യാപിക്കുന്നത്. ക്രിസ്തുവിന്റെ മറുപടിയിൽ നിന്നും അവൻ മനസ്സിലാക്കിയത്എന്തെന്നാൽവെളിപ്പെടുത്തുന്നു. തന്നോടൊപ്പം സഞ്ചരിക്കാൻ ആഗ്രഹിച്ചതിന്റെ പൊരുൾ ഭൗതികമായ പലതും നേടാം എന്നുള്ളത് കൊണ്ടാണ്.തന്നോടൊപ്പമുള്ള സഞ്ചാരത്തിൽതന്റെ ആവാസനിവാസ ഇടങ്ങളിൽതന്നിൽ വന്നുചേരാൻ ഇടയുള്ള സാധ്യതകളെ കുറിച്ചാണ് അനുധാവനം ചെയ്യാൻ ആഗ്രഹിച്ച വ്യക്തിയെ ചിന്തിച്ചതുംമുൻതൂക്കംകൊടുത്തതും. അസ്ഥിത്വമില്ലാത്ത പലതിനും ഇവിടെ ആവാസ കേന്ദ്രങ്ങൾ ഉള്ളപ്പോൾ ഒന്ന് അന്തിയുറങ്ങാൻ,തലയൊളിക്കാൻഇടമില്ലാത്ത തന്നോടൊപ്പം സഞ്ചരിച്ചിട്ട് എന്ത്കാര്യം. അത് കേവലം ആഗ്രഹങ്ങളുംചുമന്നു കൊണ്ടുള്ള യാത്ര ആയിരിക്കും. പൂർത്തീകരിക്കപ്പെടാൻ ആവാത്ത ആഗ്രഹങ്ങളും പേറി കൊണ്ടുള്ള യാത്രനിരാശാജനകമായി മാറും എന്ന് മാത്രമല്ലഅനുഗമിക്കാം എന്ന തീരുമാനംപിന്നീട്പുന:പരിശോധനയ്ക്ക് വിധേയപ്പെടുത്തുവാനുംസാധ്യതയുമുണ്ട്.ഭൗതികതയെ അടിസ്ഥാനപ്പെടുത്തിയുള്ള യാത്രപൂർത്തീകരിക്കപ്പെടാത്തആഗ്രഹങ്ങൾഅവശേഷിപ്പിച്ചു കൊണ്ടാകുമ്പോൾപിന്നീട് മടങ്ങി പോകാൻ സാധ്യതയുണ്ട്.അതുകൊണ്ട് കൃത്യമായികാര്യകാരണങ്ങൾ അതിനു ശേഷം മാത്രമേ അനുധാവനത്തിന് തയ്യാറാകാവൂ. ഭൗതികതയിൽ അടിസ്ഥാനപ്പെടുത്തിയായിരിക്കരുത് ഒരു യാത്രകളും.

രണ്ടാമത്തെ അവനോട് ക്രിസ്തു തന്നെ അനുഗമിക്കാൻ പറയുമ്പോൾ അവൻ മുന്നോട്ടുവച്ച തന്റെ നിലപാടുകൾഉത്തരവാദിത്തങ്ങളുടെ അടിസ്ഥാനത്തിൽ ആയിരുന്നു. കടമയും കർത്തവ്യങ്ങളും നിർവഹിക്കപ്പെടുക എന്നുള്ളതുംനിർവഹിക്കപ്പെടേണ്ട ഉത്തരവാദിത്തങ്ങൾ കൃത്യമായി ചെയ്യേണ്ടതും ഓരോ വ്യക്തിയുടെയും അത്യന്തികമായ ജീവിത ലക്ഷ്യമാണെന്ന് ഓർമ്മപ്പെടുത്തുമ്പോൾ തന്നെ ആ ഉത്തരവാദിത്വങ്ങളും കടമകളും കർത്തവ്യങ്ങളും ഒരിക്കലും ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന മൂല്യങ്ങളിൽ നിന്നും വ്യതിചലിച്ചുകൊണ്ട് ആവരുത് എന്ന് ക്രിസ്തു പ്രതിവചിക്കുന്നു. എല്ലാ കടമകളും കർത്തവ്യങ്ങളും ഭൗതികതയുടെ അടിസ്ഥാനത്തിലാണ് നിലനിൽക്കുന്നത്. അതുകൊണ്ടുതന്നെ അതിനപ്പുറം ആയിരിക്കണം നമ്മളിൽ അന്തർലീനമായിട്ടുള്ള മൂല്യങ്ങളുടെ ക്രയവിക്രയങ്ങൾ. ഒഴിച്ചുകൂടാനാവാത്ത ഒരുപാട് ഉത്തരവാദിത്വങ്ങൾ നിലനിൽക്കെ അതെല്ലാം ഈ ഭൂമിയിൽഅസ്തമിക്കുന്നതാണെങ്കിൽഅത് ചെയ്യാൻ വിളിക്കപ്പെട്ടവർ അത് ചെയ്യട്ടെ നമ്മൾ അതിനപ്പുറമായി മൂല്യങ്ങൾ പങ്കുവയ്ക്കുന്നവരായി തീരണം എന്നാണ് ഇവിടെ ക്രിസ്തു ഓർമിപ്പിക്കുന്നത്. അഭൗതികതയുടെ വിളംബരം ആയിരിക്കണം നമ്മുടെ അധരങ്ങളുടെവ്യയംഎന്ന് പറയുന്നത്. ഇവിടെ കൊണ്ട് അസ്തമിക്കാത്ത ഒരു ലോകത്തിന്റെ വിളംബരത്തിനാണ് നമ്മളെ വിളിച്ചെങ്കിൽ അതൊരിക്കലും താൽക്കാലികമായ ഉത്തരവാദിത്തങ്ങൾ കൊണ്ട് നഷ്ടപ്പെടാൻ പാടില്ല. അതിനപ്പുറം ആയിരിക്കണം നമ്മളിൽനിക്ഷിപ്തമായിരിക്കുന്നമൂല്യങ്ങളെ കുറിച്ചുള്ള ബോധ്യം. ആ ഓർമ്മപ്പെടുത്തലുകൾ നമ്മിൽ നിറഞ്ഞു നിൽക്കണം.

അടുത്തവ്യക്തിയുടെഅനുധാവന പ്രക്രിയയെ കുറിച്ച് ചിന്തിക്കുമ്പോൾവളരെ വ്യത്യസ്തമാണ് അവന്റെ ആവശ്യം.ഞാൻ അനുഗമിക്കാം പക്ഷേ ആദ്യം എന്റെ വീട്ടുകാരോട് യാത്ര പറയാനുള്ള അനുവാദം എനിക്ക് തരണം.ഇത് സ്വാഭാവികം. സകലത്തിനെയും ഉപേക്ഷിച്ച്മറ്റൊരു ലക്ഷ്യത്തിനുവേണ്ടി പുറപ്പെടുന്ന വ്യക്തിയുടെ മൗലികമായ ആവശ്യം. ഒപ്പംബാക്കിവെക്കാതെ ഒന്നും കടംകൊള്ളാതെ എന്നെന്നേക്കുമായുള്ളമൊഴി ചൊല്ലൽ. ഇതൊന്നും തീരുമാനത്തിലെ വിരുദ്ധമല്ലഎന്ന് നമുക്ക് തോന്നിയേക്കാം. പക്ഷേ ക്രിസ്തു വളരെ കാർക്കശമായിമുൻപോട്ട് വെക്കുന്നദൈവരാജ്യപ്രഘോഷണ അജണ്ട കലപ്പയ്ക്ക്കൈവരിച്ച ശേഷംപുറകോട്ട് നോക്കുന്നവരാരുംദൈവ രാജ്യത്തിനു കൊള്ളാവുന്നവരല്ല എന്നതാണ്. ഒരിക്കൽ ഉടലെടുക്കുന്ന തീരുമാനം അത്ശാശ്വതം ആയിരിക്കണം.അതിനെ പുറകോട്ടുവലിക്കുന്നഏതൊരു സ്വാധീനങ്ങളും യാതൊരു വിലയും കൊടുക്കാതെ നിരാകരിക്കേണ്ടതാണ്. ഈ തീരുമാനങ്ങളുടെപ്രഖ്യാപനത്തിന് മാപ്പപേക്ഷ നൽകി തിരുത്താനുള്ള ശ്രമങ്ങൾഒരു കാരണവശാലും ന്യായീകരിക്കാനാവുന്നതല്ല. ലക്ഷ്യങ്ങളിൽ നിന്നുംവ്യതിചലിപ്പിക്കുന്നസ്വാധീനശക്തികളെതിരിച്ചറിയണം എന്നുള്ളതാണ്അനുധാവനം ചെയ്യുന്ന വ്യക്തിയുടെകടമ . ആന്തരിക ബാഹ്യഇടപെടലുകൾ ധാരാളമുണ്ടായേക്കാം. അതിനെ പരിഗണിക്കാതിരിക്കുക എന്നുള്ളതാണ്ഏറെ പ്രാധാന്യമർഹിക്കുന്നത്.

ലക്ഷ്യങ്ങളുടെ കാഴ്ചകളെതടസ്സപ്പെടുത്തുന്നമറ്റൊരു കാഴ്ചനുഭവംഎത്രവിലയേറിയതാണെങ്കിലുംഅതിനെ നിരുത്സാഹപ്പെടുത്തുകയല്ല മറിച്ച്പാടെ അവഗണിച്ചെങ്കിൽമാത്രമേപ്രഖ്യാപിത ലക്ഷ്യങ്ങൾ പൂർത്തീകരിക്കപ്പെടുകയുള്ളൂ. അനുധാവനം ചെയ്യുന്നവരുടെഅരിക്കേതടി അനേക കാഴ്ചകളുടെ പൂരവസന്തങ്ങൾതന്നെ ഉണ്ടായേക്കാം. അവഗണിക്കുക പുറകിലുള്ള കണ്ണിന്റെ കാഴ്ചകളെ.മൂല്യങ്ങൾ തിരിച്ചറിഞ്ഞ് മുന്നേറാൻ,അനുധാവനത്തിന്റെഅർത്ഥവും വ്യാപ്തിയും തിരിച്ചറിഞ്ഞ്ലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻശരിയായ ദിശാബോധം നമുക്കുണ്ടാവാൻ നമ്മുടെ കാഴ്ചകൾ സുതാര്യമാവട്ടെ. പുറകിൽ കണ്ണുള്ളവർ ആകാതിരിക്കാൻ നമുക്ക് കഴിയട്ടെ.

ക്രിസ്ത്യൻലൈവ് ദിനപത്രം

## കുടുംബപ്രാർത്ഥനാ സഹായി

**ആഫ്രിക്കയിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം.**


### കെനിയ

**തലസ്ഥാനം:** നൈറോബി

**ജനസംഖ്യ:** 48,582,334

**പ്രസിഡണ്ട്:** വില്യം റൂട്ടോ

**മതം :** ക്രിസ്തുമതം



**ഇന്നത്തെ പ്രാർത്ഥനാ വിഷയങ്ങൾ**

- പരിശുദ്ധാത്മാവിന്റെ അഗ്നി കെനിയയിലെ എല്ലാ ജനങ്ങളിലും പടർന്നു പിടിക്കട്ടെ!വിശ്വാസികളിലും സഭകളുടെ നേതൃസ്ഥാനത്തുള്ളവരിലും അഭിഷേകം വെളിപ്പെടട്ടെ! പ്രാർത്ഥിക്കാം.
- ഭരണ സിരാകേന്ദ്രങ്ങളിലെ അഴിമതിയാണ് രാജ്യം നേരിടുന്ന പ്രശ്നം. സർക്കാർ ഉദ്യോഗസ്ഥരുടെ മാനസാന്തരത്തിനും രാജ്യത്തിന്റെ പുനഃസ്ഥാപനത്തിനും വേണ്ടി പ്രാർത്ഥിക്കുക.
- ഗോത്ര, രാഷ്ട്രീയ, വിഭാഗീയ വിഭജനങ്ങൾ നിങ്ങട്ടെ! ജനം ക്രിസ്തുവിൽ ഐക്യപ്പെടട്ടെ! പ്രാർത്ഥിക്കുക.
- സമൂഹത്തിലേക്ക് സുവിശേഷം എത്തിക്കാൻ ഉത്സാഹമുള്ള ഒരു തലമുറ എഴുന്നേൽക്കട്ടെ! പ്രാർത്ഥിക്കുക.

**നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ വാട്സാപ് ചെയ്യുക:**

Contact us: +91 98465 52220,
+91 99619 33322

**ആവശ്യമുണ്ട്**

മധ്യതിരുവിതാംകൂറിലെ ഒരു ക്രിസ്തീയ മാധ്യമ സ്ഥാപനത്തിൽ പ്രവർത്തിക്കാൻ പത്രപ്രവർത്തനത്തിൽ താല്പര്യമുള്ളയാളിനെ ആവശ്യമുണ്ട്. മലയാള ഭാഷയിലുള്ള അറിവും കമ്പ്യൂട്ടർ പരിജ്ഞാനവുമാണ് യോഗ്യത.
Contact 9645335275

**ആവശ്യമുണ്ട്**

കുമ്പനാട് പുല്ലാടിനടുത്തുള്ള വീട്ടിൽ മാതാവിനൊപ്പം വിശ്വസ്തതയോടെ താമസിക്കുവാൻ താല്പര്യമുള്ള പെന്തക്കോസ്ത് വിശ്വസിയായ സഹോദരിയെ ആവശ്യമുമുണ്ട്. മാന്യമായ ശമ്പളം നൽകുന്നതാണ്.
ഫോൺ 0091 9495978594
വാട്സാപ് : 00973 33276757, 7907955537

## പവർ കോൺഫറൻസ് 2024

പത്തനംതിട്ട: ഇമ്മാനുവേൽ ഫെയ്ത്ത് മിനിസ്ട്രീസ് ഇന്റർനാഷനലിന്റെയും ( I F M I ) പതിനഞ്ചിൽ അധികം പെന്തക്കോസ്ത് സഭകളുടെയും സംയുക്ത ആഭിമുഖ്യത്തിൽ ഏപ്രിൽ 18 വ്യാഴം രാവിലെ 9 മണി മുതൽ 20 ശനി ഉച്ചക്ക് 1 മണി വരെ പവർ കോൺഫറൻസ് പത്തനംതിട്ട തടിയൂർ ഐ എഫ് എം ഐ ക്യാമ്പ് സെന്ററിൽ നടക്കും. പാസ്റ്റർമാരായ ടി ജെ ശാമുവേൽ, ഡോ ഐസക് വി മാത്യു, ടി എ ശാമുവേൽ, വർഗ്ഗീസ് ബേബി, ടി എ ശാമുവേൽ, വർഗ്ഗീസ് ബേബി, ജോമോൻ കുരുവിള, പി എം ജോർജ്ജ്, റോബി ജേക്കബ് മാത്യു, ബെഞ്ചമിൻ എം ചാക്കോ, ടി എ വർഗ്ഗീസ് എന്നിവർ കോൺഫറൻസ് സെഷനുകൾക്ക് നേതൃത്വം നൽകും. പ്രവേശനം ആദ്യം രജിസ്റ്റർ ചെയ്യുന്ന 250 പേർക്ക് മാത്രം. കൂടുതൽ വിവരങ്ങൾക്ക് പാസ്റ്റർ റ്റി. എ ശാമുവേൽ +91 952 60 35043 +96 5667 29391.

# ചൈനയിൽ ക്രൈസ്തവ ജനസംഖ്യയിൽ വൻ ഇടിവ്

ബെയ്ജിംഗ്: ചൈനയിലെ ക്രൈസ്തവ ജനസംഖ്യയിൽ വൻ ഇടിവ് . 1980 കളിലും 1990 കളിലും ക്രൈസ്തവരുടെ എണ്ണം അതിവേഗം ഉയർന്നതിന് ശേഷം ഇപ്പോൾ കണക്കുകൾ കുത്തനെ കീഴ്മറിഞ്ഞിരിക്കുകയാണ്. യുഎസ് ആസ്ഥാനമായുള്ള പ്യൂ റിസർച്ച് സെന്റർ ഡിസംബർ 12 ന് നടത്തിയ പഠനത്തിലാണ് പുതിയ കണക്കുകൾ പുറത്തു വന്നിരിക്കുന്നത്. കമ്മ്യൂണിസ്റ്റ് ഭരിക്കുന്ന രാജ്യത്ത് പീഡനം ഒഴിവാക്കാൻ പലരും തങ്ങളുടെ ക്രിസ്ത്യൻ ഐഡന്റിറ്റി മറച്ചുവെച്ചതാകാം കാരണം എന്നാണ് പുതിയ പഠനം.

ചൈനീസ് ജനറൽ സോഷ്യൽ സർവേയിൽ (സിജിഎസ്എസ്) ലഭ്യമായ വിവരങ്ങൾ കാണിക്കുന്നത് 2010 നും 2018 നും ഇടയിൽ ഏകദേശം രണ്ട് ശതമാനമനം ഉയർന്നിരുന്നു ക്രൈസ്തവരുടെ എണ്ണം.

1.4 ബില്യൺ ജനങ്ങളുള്ള ചൈനയിൽ ഔദ്യോഗികമായി 28 ദശലക്ഷം ക്രൈസ്തവരുണ്ട്. ചൈനയിലെ ഏകദേശം 90 ശതമാനം ക്രൈസ്തവരും പ്രൊട്ടസ്റ്റന്റുകളാണ്.1960കളിലെ സാംസ്കാരിക വിപ്ലവകാലത്ത് ചൈന മതം നിരോധിച്ചു. എന്നിരുന്നാലും, 1980കളിൽ നിയന്ത്രണങ്ങൾ എടുത്തുകളഞ്ഞു. ക്രിസ്ത്യൻ ജനസംഖ്യ 1982ൽ 6 ദശലക്ഷത്തിൽ നിന്ന് 1997ൽ 14 ദശലക്ഷമായി ഉയർന്നുവെന്ന് സർക്കാർ കണക്കുകൾ കാണിക്കുന്നു, അക്കാലത്തെ ദേശീയ ജനസംഖ്യയിലെ 22 ശതമാനം വർധനയുമായി താരതമ്യപ്പെടുത്തുമ്പോൾ ഇത് അസാധാരണമായ വളർച്ചയാണെന്ന് റിപ്പോർട്ട് പറയുന്നു. 2010ൽ ചൈനയിൽ 23 ദശലക്ഷം ക്രൈസ്തവ വിശ്വാസികൾ ഔദ്യോഗിക കണക്കുകൾ വ്യക്തമാക്കുന്നു. ഗവേഷകർ പറയുന്നത് യാഥാസ്ഥിതിക കണക്കനുസരിച്ച് ചൈനയിൽ ഇന്ന് ഏകദേശം 40 ദശലക്ഷം ക്രൈസ്തവർ ഉണ്ടെന്നാണ്. സർക്കാർ അംഗീകരിച്ച കത്തോലിക്ക, പ്രൊട്ടസ്റ്റന്റ് അസോസിയേഷനുകളിൽ (കാത്തലിക് പാട്രിയോട്ടിക് അസോസിയേഷനും ത്രീസെൽഫ് പാട്രിയോട്ടിക് മൂവ്മെന്റും) രജിസ്റ്റർ ചെയ്തിട്ടില്ലാത്ത പള്ളികളിൽ ആരാധിക്കുന്ന ക്രൈസ്തവരുടെ എണ്ണത്തിലും വളർച്ച റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഷി ജിൻപിംഗ് പ്രസിഡന്റായതിന് ശേഷം ക്രിസ്ത്യൻ ഹൗസ് ചർച്ചുകൾ ഉൾപ്പെടെയുള്ള രജിസ്റ്റർ ചെയ്യാത്ത മതഗ്രൂപ്പുകൾക്ക് ചൈനയിൽ കടുത്ത അടിച്ചമർത്തൽ നേരിടേണ്ടി വന്നിട്ടുണ്ട്, മതപരമായ പ്രവർത്തനങ്ങൾ തടയുന്നതിനും നിരുത്സാഹപ്പെടുത്തുന്നതിനുമായി ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി അടിച്ചമർത്തൽ നിയമങ്ങളുടെ ഒരു പരമ്പര സ്വീകരിച്ചതായി അവകാശ സംഘടനകൾ പറയുന്നു.




നേരത്തെയും ചില പത്രപ്രവർത്തകരും പണ്ഡിതന്മാരും ക്രിസ്ത്യൻ അഭിഭാഷക ഗ്രൂപ്പുകളും 21ാം നൂറ്റാണ്ടിലും ചൈനയിൽ ക്രിസ്തുമതം അതിവേഗം വളരുന്നുവെന്നും 2050ഓടെ അവിടെയുള്ള ജനസംഖ്യയുടെ ഭൂരിഭാഗവും ക്രൈസ്തവരുടെ പാതയിലാണെന്നും അഭിപ്രായപ്പെട്ടിരുന്നു.

എന്നിരുന്നാലും, ഏറ്റവും പുതിയ ഡാറ്റ കാണിക്കുന്നത് ക്രിസ്ത്യൻ ജനസംഖ്യ കുറഞ്ഞു എന്നാണ്.

## ഗസ്സയിൽ ക്രൈസ്തവ ദേവാലയത്തിൽ അമ്മയെയും മകളേയും വെടിവച്ച് കൊന്ന് യിസ്രായേൽ സേന

ടെൽ അവീവ് :ഗസ്സയിൽ കൂട്ടക്കുരുതി തുടരുന്ന യിസ്രായേൽ സേന ക്രൈസ്തവ ആരാധനാലയങ്ങൾക്ക് നേരെയും ആക്രമണം തുടരുന്നു. ഗസ്സയിലെ ഹോളി ഫാമിലി ഇടവകയിലെ ഹോളി ഫാമിലി കാത്തലിക് ചർച്ചിൽ രണ്ട് സ്ത്രീകളെ യിസ്രായേൽ സേന വെടിവച്ചു കൊന്നതായി വത്തിക്കാൻ ന്യൂസ് റിപ്പോർട്ട് ചെയ്യുന്നു. ഇടവകയുടെ കോമ്പൗണ്ടിൽ അതിക്രമിച്ചുകയറിയ യിസ്രായേൽ സൈന്യം പള്ളിയിൽ നിന്ന് പുറത്തിറങ്ങിയവർക്ക് നേരെ വെടിയുതിർക്കുകയായിരുന്നു. നഹിദ, മകൾ സമർ എന്നിവരാണ് കൊല്ലപ്പെട്ടതെന്ന് ജറുസലേമിലെ ലത്തീൻ പാത്രിയാർക്കേറ്റ് പ്രസ്താവനയിൽ അറിയിച്ചു.



ആക്രമണത്തിന് ഇരയായ അമ്മയെ രക്ഷിക്കാൻ ശ്രമിക്കുമ്പോഴായിരുന്നു മകൾക്ക് വെടിയേറ്റത്. ആക്രമണത്തിൽ ഏഴ് പേർക്ക് പരിക്കേൽക്കുകയും ചെയ്തു. പള്ളി കോമ്പൗണ്ടിനുള്ളിൽ ഉള്ളവരെ സംരക്ഷിക്കാൻ ശ്രമിച്ചപ്പോഴാണ് ഏഴ് പേർക്ക് കൂടി വെടിയേറ്റത്. അതേസമയം, ഇടവകയിൽ മിസൈൽ ലോഞ്ചറിന്റെ സാന്നിധ്യമുണ്ടെന്ന് അവകാശപ്പെട്ട് ആക്രമണത്തെ യിസ്രായേൽ ന്യായീകരിച്ചു.

യുദ്ധത്തിന്റെ തുടക്കം മുതൽ ഭൂരിപക്ഷം ക്രൈസ്തവ കുടുംബങ്ങളും അഭയം പ്രാപിച്ച ഇടമാണ് ഹോളി ഫാമിലി ചർച്ച്. നഹിദയും മകൾ സമറും ഇവിടുത്തെ സിസ്റ്റേഴ്സ് കോൺവെന്റിലേക്ക് നടക്കുമ്പോൾ യിസ്രായേൽ സൈന്യം വെടിയുതിർക്കുകയായിരുന്നു.

യാതൊരു മുന്നറിയിപ്പും നിർദേശവും സേന നൽകിയിരുന്നില്ല. അവരുടെ എതിരാളികൾ ആരും പള്ളിയുടെ പരിസരത്ത് ഇല്ലാതിരുന്നിട്ടും വിശ്വാസികൾക്ക് നേരെ വെടിയുതിർക്കുകയായിരുന്നു. ഇതുകൂടാതെ, രാവിലെ മദർ തെരേസാ കോൺവെന്റ് ലക്ഷ്യമാക്കിയും യിസ്രായേൽ ഡിഫൻസ് ഫോഴ്സിന്റെ മിസൈൽ ആക്രമണം ഉണ്ടായി. ഇതിൽ കെട്ടിടത്തിന്റെ ജനറേറ്റർ തകർന്നു. കോൺവെന്റിലേക്ക് ഏക വൈദ്യുതി ലഭ്യമാക്കാനുള്ള ഏക മാർഗമാണ് നശിച്ചത്. 54ലധികം അംഗപരിമിതർ താമസിക്കുന്ന കോൺവെന്റ് ചർച്ച് കോമ്പൗണ്ടിലാണ് സ്ഥിതി ചെയ്യുന്നത്. ഈ കെട്ടിടം പിന്നീട് രണ്ട് മിസൈലുകൾ കൂടി തൊടുത്തുവിട്ട് തകർത്തു. ഇതോടെ അവിടെയുണ്ടായിരുന്ന അന്തേവാസികളെല്ലാവരും പലായനം ചെയ്തിരിക്കുകയാണ്. അവരിൽ ചിലർക്ക് അതിജീവിക്കാൻ ആവശ്യമായ ശ്വസന ഉപകരണങ്ങൾ പോലും ലഭ്യമല്ല. പ്രദേശത്ത് രാത്രി നടത്തിയ ബോംബാക്രമണത്തിൽ പള്ളി വളപ്പിനുള്ളിൽ മറ്റ് മൂന്ന് പേർക്കും പരിക്കേറ്റു. കൂടാതെ സോളാർ പാനലുകളും വാട്ടർ ടാങ്കുകളും നശിപ്പിക്കപ്പെട്ടു' പ്രസ്താവന വിശദമാക്കുന്നു.

## ഫ്രാൻസിസ് മാർപാപ്പയ്ക്കു ഇന്ന് എൺപ്പത്തിയേഴാം പിറന്നാൾ

വത്തിക്കാൻ സിറ്റി: ആഗോള കത്തോലിക്ക സഭയുടെ തലവനായ ഫ്രാൻസിസ് മാർപാപ്പയ്ക്കു ഇന്ന് എൺപ്പത്തിയേഴാം പിറന്നാൾ. പാവങ്ങളുടെ പക്ഷത്ത് നിലയുറപ്പിച്ച ലോകത്തിലെ ഏറ്റവും കൂടുതൽ സ്വാധീനമുള്ള നേതാവു കൂടിയായ ഫ്രാൻസിസ് മാർപാപ്പയുടെ യഥാർത്ഥ നാമം ജോർജ് മരിയോ ബെർഗോളിയോ എന്നതാണ്. കത്തോലിക്ക സഭയുടെ തലവനായി അമേരിക്കൻ ഭൂഖണ്ഡത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ മാർപാപ്പയെന്ന നിലയിലും ആദ്യമായി ഫ്രാൻസിസ്



എന്ന പേര് സ്വീകരിച്ച മാർപാപ്പയെന്ന ഖ്യാതിയും ഫ്രാൻസിസ് പാപ്പയ്ക്കാണ്.

## യുഎഇയിൽ ഐസിപിഎഫ് വാർഷിക ക്യാമ്പ്

ഷാർജ: യുഎഇയിലെ ഇന്റർ കൊളിജിയറ്റ് പ്രയർ ഫെലോഷിപ്പിന്റെ വാർഷിക ക്യാമ്പ് ഡിസംബർ 21 വ്യാഴം മുതൽ 23 ശനി വരെ ഷാർജ യൂണിയൻ ചർച്ചിൽ നടക്കും. ഇവാ. സിബി മാത്യു ബ്രാംഗ്ലൂർ ഇവാ. അജി മാർക്കോസ് (കേരള) എന്നിവരാണ് ക്ലാസുകൾ നയിക്കുന്നത്. ഒയ്കോസ് ജീസസ് ഈസ് ഔർ നാചറൽ ഹാബിറ്റാറ്റ് എന്നതാണ് ക്യാമ്പിന്റെ ചിന്താവിഷയം. രാവിലെ 8 മുതൽ വൈകിട്ട് 5 വരെ നടക്കുന്ന യൂത്ത് എറൈസ് ക്യാമ്പിൽ 4 വയസു മുതൽ 13 വയസു വരെയുള്ള കുട്ടികൾക്കും 13 വയസിനു മുകളിലുള്ള കൗമാരക്കാർക്കുമായി രണ്ടു വിഭാഗങ്ങളുണ്ടാകും. യു എ ഇയിലെ എല്ലാ എമിറേറ്റുകളിലേക്കും വാഹനങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികളിൽ രൂപാന്തരത്തിന് വഴി തെളിക്കുന്ന ഈ ക്യാമ്പിൽ ആയിരത്തിലേറെ അംഗങ്ങൾ പങ്കെടുക്കുമെന്നും ക്രമീകരണങ്ങൾ പൂർത്തികരണത്തിലേക്ക് നീങ്ങുകയാണെന്നും ക്യാമ്പ് കോർഡിനേറ്റർമാരായ സന്തോഷ് ഈപ്പൻ , ഗോഡ്വിൻ ഫ്രാൻസിസ്. രജിസ്ട്രേഷനും മറ്റു വിവരങ്ങൾക്കും വിളിക്കുക: 050 657 6490, 050 8048654.

## പെന്തക്കോസ്ത് മിഷൻ ദോഹ–ഖത്തർ കൺവൻഷൻ

ദോഹ: ദി പെന്തക്കോസ്ത് മിഷൻ സഭയുടെ ദോഹ-ഖത്തർ കൺവൻഷൻ ജനുവരി 23 മുതൽ 26 വരെ ദോഹ ഐഡിസിസി കോംപ്ലക്സിൽ നടക്കും. ദിവസവും വൈകിട്ട് 6ന് ആരംഭിക്കുന്ന സുവിശേഷയോഗത്തിൽ സഭയുടെ പ്രധാന ശുശ്രൂഷകർ വചന പ്രഭാഷണം നടത്തും. മിഷൻ പ്രവർത്തകർ വിവിധ പ്രാദേശിക ഭാഷകളിൽ ഗാനങ്ങൾ ആലപിക്കും. ബുധൻ,വ്യാഴം രാവിലെ 7ന് ബൈബിൾ ക്ലാസ്സ്, 10 ന് പൊതുയോഗം. ബുധൻ ഉച്ചയ്ക്ക് 3 മുതൽ 5 വരെ കാത്തിരിപ്പ് യോഗം. വ്യാഴാഴ്ച ഉച്ചയ്ക്ക് 3 മുതൽ 5 വരെ യുവജനസമ്മേളനം. സമാപന ദിവസമായ വെള്ളിയാഴ്ച രാവിലെ 9ന് പൊതുയോഗം നടക്കും.

# KIDS CAMP 2023

ICPF
IMPACTING THE NEW GENERATION
Inter Collegiate Prayer Fellowship

# ICPF STUDENTS CAMP

## RESOURCE PERSONS



Evg. Sibey Mathew
Banglore




Evg. Aji Markose
Kerala

ICPF
ESTD 1990
ICPF UAE

# UTH Arise 2023

21 | 22 | 23 DECEMBER 2023
THURSDAY | FRIDAY | SATURDAY
UNION CHURCH, SHARJAH
@08:00AM to 04.30PM




FOR MORE DETAILS
SANTHOSH EAPEN **050 6576490**
GODWIN FRANCIS **050 804 8654**
NELSON MATHEW **056 563 8382**

FOR PRIVATE CIRCULATION ONLY

THEME
OIKOS
JESUS OUR NATURAL HABITAT
EPH. 2:22 & JOHN 15:4

## REGISTRATION FORM

Name :..........................................

Class :..........................................

Age :..............................

Male ☐ Female ☐

Church :..........................................

Address :..........................................

..........................................

Mob :..........................................

Tel :..........................................

Guardian's Name :..........................................

E-mail :..........................................

Transportation is needed : Yes ☐ No ☐

Bus Route : ☐ DS-1 ☐ DS-2 ☐ DS-3 ☐ DS-4

☐ SS-1 ☐ SS-2 ☐ SS-3 ☐ SS-4 ☐ SS-5

☐ AJ ☐ AL ☐ RAK ☐ FUJ ☐ RW ☐ AUH

☐ UAQ

**REGISTRATION FEE 70 DHS**

**AGE LIMIT**
4 to 13
**KIDS CAMP**
13 above
**YOUTH CAMP**

FOR REGISTRATION
SCAN ME

## BUS ROUTES

BUS COORDINATORS CONTACTS
056 184 4403

### DUBAI BUS

**056 924 5689**
BUS NO. DS- 01
1. Clock Tower
2. Opp. Hamarain Cntr.
3. Renaissance Hotel
4. Al Maktom Hospital
5. Al Madeena S.M.
6. Nakheel Center
7. Jmart S.M.
8. Josco S.M.
9. Al Baraha
10. Al Shab Talal SM
11. Al Shab SM
12. Al Shab Safiya Rest.

**055 644 8425**
BUS NO. DS- 02
1. Al khail mall
2. KM Trading
3. Lamcy Plaza
4. Trade Centre RO
5. Satwa Mina road
6. Satwa Nesto
7. Mina Road
8. Al Habtoor, Mankhool
9. Union Coop
10. Karama
11. Samari Residence

**050 342 2734**
BUS NO. DS- 03
1. Princess Hotel
2. Sun Rise SM Ghussais
3. Joseph Clinic/Talal
4. Behind Labor office, Ghussais
5. Emirates Bldg.
6. Ghussais Shop N Save
7. Emirates Driving School
8. NMC Al Nahda
9. Al Nahda Co Op.
10. Al Nahda - Nesto
11. Al Nahda Zulekha
12. Al Nahda - Al Abbar Bldg.
13. Ghussais Ind. Area 3
14. Al Madina/Mango SM Muhaisnah
15. Dunes Residence
16. Emirates Bldg. Muhaisnah
17. Gulf Model School
18. Lulu Village
19. Wasl Oasis, Ghusais Ind.5

**054 302 2805**
BUS NO. DS- 04
1. Discovery Gardens
2. Meadows
3. Greens
4. Barsha heights (Tecom)
5. Arjan
6. Arabian Ranches

### RAK

**056 639 9455**
1. Indian School Al Nakheel
2. Al Hamra Mall
3. Al Jazeera
4. JPF

### FUJAIRAH

**052 787 8174**

### SHARJAH BUS

**050 582 2914**
BUS NO. SS- 01
1. Kuwait Hospital
2. Al Nasariya
3. Zulekha Hospital
4. Buteena Madin SM
5. Bridge - Radisson
6. Fire R/A
7. Al Zahara Street
8. Rotana Hotel

**055 566 9424**
BUS NO. SS- 02
1. Clock Tower
2. Al Ghuwair Market
3. Concord Cinima
4. Rolla Park
5. Post Office ADCB
6. Rolla Main Street
7. Maisalon
8. Etisalat Road

**056 942 5963**
BUS NO. SS- 03
1. Cricket Stadium
2. Double Cola Signal
3. Baby Shop/Nesnas
4. Gold Souk
5. Al Wahda Road
6. Honda Showroom
7. Opp. City Centre
8. Al Madeena - Al Khan
9. Al Majaz Park
10. Jamal Abdul Nazar Rd.
11. Behind HSBC
12. Saudi Mosque
13. Immigration
14. Abu Sagara
15. Mega Mall

**054 497 3120**
BUS NO. SS- 04
1. Quick Supermarket
2. Baqer Mohabi
3. Al Nadha Park
5. Sahara center
6. Ansr Mall
7. Tiger Buiding
8. Arabian gulf
9. King Faisal

**056 702 0241**
BUS NO. SS- 05
1. Muweila Commercial
2. Industrial Area
3. University road
4. Safari Mall
5. Thubay Hospital
6. Nesto
7. Shams Medical
8. National Paints

### AJMAN

**056 905 7694**
1. Ajman New Sanaya
2. GMC Hospital
3. Al Bustan R/A
4. Lulu Hypermarket
5. Gaint S.M.
6. Church

### RUWAIS

**050 262 0471**

### ABUDHABI

**055 428 9913**

### AL-AIN

**050 663 2940**

### UAQ

**055 192 6697**

CNL7 MEDIA
# CHRISTIANLIVE DAILY
Vol. 2 Issue 316
17 Sunday Pages 6
687


Your health, right away.
BROSCO PHARMACY

## BROSCO PHARMACY

നിങ്ങൾ ആശങ്കയിലാണോ...?
നാട്ടിലെ കാര്യം ഓർത്തിട്ടാണോ...?
ഞങ്ങളുണ്ടെന്നേ ഒരു വിളിപ്പാടകലെ..!!

SPECIAL DISCOUNT

| | |
|---|---|
| Medicines (13% - 40%) | Baby Food (4% - 6%) |
| Adult Diaper (53%) | Ortho Supports (15% - 20%) |
| Underpads (64%) | Baby Care (8% - 10%) |
| Pullups (48%) | Insulin (18% - 45%) |







നിങ്ങളുടെ പ്രീയപ്പെട്ടവർക്ക് വേണ്ടുന്ന എല്ലാ മെഡിസിനും
മറ്റനുബന്ധ സാധനങ്ങളും
ഉത്തരവാദിത്വത്തോടെ നിങ്ങളുടെ വീടുകളിൽ
എത്തിക്കും ബ്രോസ്കോ ഫാർമസി.
വിശ്വാസ്യതയുടെ പര്യായം

HOME CARE PRODUCTS AVAILABLE
- Feminine Hygiene Items
- Oxygen Concentrator
- Nutrition Supplements
- Orthopaedic Items
- Cosmetic Items
- Baby Food
- Baby Care Items
- Veterinary Medicine
- Ayurveda Medicines
- Wheel Chairs & Walkers

FREE HOME DELIVERY
Within 5km Radius
ORDER NOW




CAL US : +91-6238062257

**PATHANAMTHITTA**
Maniyatt Building,
Near St. Peters Junction,
Pathanamthitta , Kerala
Call : +91- 7025588926

**VADASSERIKKARA**
Maniyatt Plaza,
Mannarakulanji Pamba Road,
Vadasserikkara , Kerala
Call : +91- 8590634011

**KUMBANAD**
Ikkara Peneal,
Near Quality Super Bazar
Kumbanad , Kerala
Call : +91- 7012761613

**RANNI**
Pearl Square Building,
Thottamon, Near SBI Bank,
Blockpadi Junction, Ranni
Call : +91- 8590628255